# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 704 | 30.06.2015 -ൽ മറുപടിക്ക്

## നാഷണൽ റൂറൽ ഹെൽത്ത് മിഷനുള്ള ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും നാഷണൽ റൂറൽ ഹെൽത്ത് മിഷന് എത്ര തുക ധനസഹായം കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ചു എന്നും അവയിൽ ഓരോ വർഷവും എത്ര തുക ചെലവാക്കിയെന്നും എത്ര തുക ലാപ്സായി എന്നും വ്യക്തമാക്കുമോ ;

(എ)

| വർഷം | കേന്ദ്ര വിഹിതം (രൂപ കോടിയിൽ) | സംസ്ഥാന വിഹിതം (രൂപ കോടിയിൽ) | ആകെ ലഭിച്ച തുക (രൂപ കോടിയിൽ) | ചിലവ് (രൂപ കോടിയിൽ) | കുറിപ്പ് |
|---|---|---|---|---|---|
| 2011-12 | 272.24 | 7.5 | 279.74 | 227.83 | |
| 2012-13 | 227.65 | 30 | 257.65 | 382.48 | മുൻ ബാലൻസ് ഉൾപ്പെട്ട ചെലവ് |
| 2013-14 | 280.65 | 76.94 | 357.59 | 355.26 | |
| 2014-15 | 216.43 | 112.2428 | 328.6728 | 321.75 | |

ഒരു വർഷവും കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ടുകൾ ലാപ്സായിട്ടില്ല. ബാലൻസ് വരുന്ന തുക അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ചിലവാക്കുകയാണ് ചെയ്യാറുള്ളത്.

(ബി) പ്രസ്തുത ഫണ്ട് ഉപയോഗത്തിൽ ഉള്ള വീഴ്ചകളും അഴിമതികളും സംബന്ധിച്ച് ഓരോ വർഷവും എത്ര പരാതികൾ ലഭിച്ചു ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു : വിശദാംശം ലഭ്യമാക്കുമോ ;

(ബി) അനുബന്ധം 1 ആയി ചേർക്കുന്നു.

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ നടത്തിപ്പിനായി നിലവിൽ എത്ര ഉദ്യോഗസ്ഥരുണ്ട് ; തസ്തികകൾ, ശമ്പള നിരക്ക്, സ്ഥിരം ജീവനക്കാർ, താല്ക്കാലിക ജീവനക്കാർ തുടങ്ങിയ വിശദാംശം ലഭ്യമാക്കുമോ ;

(സി) അനുബന്ധം 2 ആയി ചേർക്കുന്നു.

(.....2)

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന തിന് ശേഷം എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ടുപയോഗം സംബന്ധിച്ച് അക്കൗണ്ട്സ് പരിശോധിച്ചുവോ ; എങ്കിൽ പരിശോധിച്ച സ്ഥാപനം ഏത് ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത റിപ്പോർട്ട് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയ്ക്ക നല്കിയോ ; എങ്കിൽ പരിശോധന യിൽ കണ്ടെത്തിയ വീഴ്ചകളും നിർദ്ദേശങ്ങളും എന്തെന്ന് വ്യക്തമാക്കുമോ ?

(ഡി) & (ഇ) എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗത്തെ കുറിച്ച് താഴെ പറയുന്ന ഓഡിറ്റുകൾ നടത്താറുണ്ട്.

a). കൺകറന്റ് ഓഡിറ്റ് - എല്ലാ മാസവും ചെയ്യുന്ന ഓഡിറ്റുകൾ

b). സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് - വാർഷിക ഓഡിറ്റ്

c). എ.ജി. ഓഡിറ്റ് - എല്ലാ വർഷവും കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഓഡിറ്റ് ചെയ്യാൻ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംസ്ഥാന ഓഫീസിൽ നടക്കാറുണ്ട്. ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 3 -ആയി ചേർക്കുന്നു.

P. [signature]

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**